മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഏപ്രിൽ 12

# വാർത്താക്കുറിപ്പ്

---

## താത്പര്യപത്രം ക്ഷണിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഓൺലൈൻ ബിരുദ പ്രോഗ്രാമുകൾക്കായി വീഡിയോ ക്ലാസ്സുകൾ തയ്യാറാക്കുന്നതിന് അധ്യാപകരുടെ പാനൽ രൂപീകരിക്കുന്നു. അധ്യാപന - പഠന മാർഗ്ഗരേഖകൾ തയ്യാറാക്കുന്ന ചുമതലയും ഇവർക്ക് ഉണ്ടായിരിക്കും. ബി.കോം, ബി.ബി.എ., എം.കോം., എം.എസ് സി - സ്റ്റാറ്റിസ്റ്റിക്സ്, എം.എ. - ജേണലിസം ആൻ്റ് മാസ് കമ്മ്യൂണിക്കേഷൻ, എം.എ. - ഇംഗ്ലീഷ്, എം.എ. - ബിസിനസ് ഇക്കണോമിക്സ്, എം.എ - സോഷ്യോളജി, എം.എ. - ഇൻ്റർനാഷണൽ റിലേഷൻസ് ആൻ്റ് പൊളിറ്റിക്സ്, എം.എ.- ഗ്രാഫിക് ഡിസൈൻ, എം.എ. - അനിമേഷൻ, എം.എ. - മൾട്ടിമീഡിയ എന്നീ പ്രോഗ്രാമുകൾക്ക് വേണ്ടിയുള്ള ക്ലാസുകളും പഠനരേഖകളുമാണ് തയ്യാറാക്കേണ്ടി വരിക. അപേക്ഷകരുടെ യോഗ്യതയുടേയും പ്രവൃത്തി പരിചയത്തിൻ്റെയും അടിസ്ഥാനത്തിൽ ആകർഷകമായ പ്രതിഫലം ലഭിക്കും. താത്പര്യമുള്ളവർ അവരുടെ യോഗ്യത, പ്രവൃത്തി പരിചയം, പ്രായം എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ https://www.mgu.ac.in എന്ന വെബ് സൈറ്റിൽ ഏപ്രിൽ 11 ന് 52447/COE 1-2/22/COE1 നമ്പരായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള നോട്ടിഫിക്കേഷന് അനുബന്ധമായി ചേർത്തിട്ടുള്ള ഗൂഗ്ൾ ഫോം മുഖേന സമർപ്പിക്കേണ്ടതാണ്. ഇതോടൊപ്പം ഒരു സാംപിൾ ലക്ചർ ക്ലാസ്സിൻ്റെ വീഡിയോയും സമർപ്പിക്കണം.

(പി.ആർ.ഒ./39/449/2022

## ട്രാൻസിറ്ററി പരീക്ഷ

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നിന്ന് എം.എ. (ഡെവലപ്മെന്റ് സ്റ്റഡീസ് - 2018 വരെയുള്ള അഡ്മിഷൻ) ബിരുദം നേടിയവർക്ക് ഇക്കണോമിക്സിൽ എലിജിബിലിറ്റി (തുല്യത /യോഗ്യത) നൽകുന്നതിനുള്ള ട്രാൻസിറ്ററി പരീക്ഷ ഏപ്രിൽ 28 ന് ആരംഭിക്കും. പരീക്ഷാ ഫീസായ 555 രൂപ (പേപ്പറൊന്നിന് 105 രൂപ, മാർക്ക് ലിസ്റ്റ് - 105 രൂപ, അപേക്ഷാ ഫോറം - 30 രൂപ) അടച്ചതിന്റെ ചെലാൻ സഹിതമുള്ള അപേക്ഷ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി പിഴയില്ലാതെ ഏപ്രിൽ 21 വരെയും 525 രൂപ പിഴയോട്ടു കൂടി ഏപ്രിൽ 25 നും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി അതിനുശേഷവും. വിശദമായ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/450/2022)

## പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം സെമസ്റ്റർ എം.സി.എ. (റെഗുലർ / സപ്ലിമെന്ററി / ലാറ്ററൽ എൻട്രി - അഫിലിയേറ്റഡ് കോളേജുകൾ, സീപാസ്) മാർച്ച് 2022 പരീക്ഷയുടെ ഭാഗമായുള്ള പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 18 മുതൽ മെയ് ആറ് വരെയുള്ള തീയതികളിൽ അതത് കോളേജുകളിൽ നടക്കും. വിശദവിവരങ്ങൾ കോളേജുകളിൽ ലഭിക്കും.

(പി.ആർ.ഒ./39/451/2022)

**പരീക്ഷാ ഫലം**

2020 നവംബറിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ എം.എസ്.സി. കെമിസ്ട്രി - (നോൺ സി.എസ്.എസ് - സപ്ലിമെൻ്ററി, സ്പെഷ്യൽ അദാലത്ത് മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച രസീത് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 26. അപേക്ഷാ ഫോറവും വിശദവിവരങ്ങളും www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/452/2022)

**പരീക്ഷാഫലം**

2020 നവംബറിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ എം.എസ് സി. മാത്തമാറ്റിക്സ് (പ്രൈവറ്റ് - 2018 അഡ്മിഷൻ - റഗുലർ, 2018 ന് മുൻപുള്ള അഡ്മിഷൻ - സപ്ലിമെന്ററി, 2014, 2013 അഡ്മിഷൻ - മേഴ്സി ചാൻസ്, 2004 മുതൽ 2011 വരെയുള്ള അഡ്മിഷൻ - റഗുലർ/പ്രൈവറ്റ് -അദാലത്ത് സ്പെഷ്യൽ മേഴ്സി ചാൻസ് ) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും 2015 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികൾ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് ഓൺലൈനായി ഏപ്രിൽ 22 നകം അപേക്ഷിക്കണം. 2015 അഡ്മിഷന് മുൻപുള്ള വിദ്യാർത്ഥികളുടെ അപേക്ഷ നിശ്ചിത ഫീസടച്ച രസീത് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ഏപ്രിൽ 22 വരെ സ്വീകരിക്കും.

(പി.ആർ.ഒ./39/453/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ